LIBRARY ARCHIVES Kerala Legislative Assembly

ചാലക്കുടി നായരങ്ങാടി എം.ആർ.എസ്.-ൽ ഹയർസെക്കണ്ടറി കോഴ്സിന് അഡീഷണൽ ബാച്ച്

322 (672) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഇടർച്ചയായി എസ്. എസ്. എൽ. സി. പരീക്ഷയിൽ നൂറ് ശതമാനം വിജയം കൈവരിച്ച ചാലക്കുടി മണ്ഡലത്തിലെ നായരങ്ങാടി എം. ആർ. എസ്.-ൽ ഹയർ സെക്കണ്ടറി കോഴ്സിന് അഡീഷണൽ ബാച്ച് അനുവദിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

ഈ നിർദ്ദേശം ഹയർ സെക്കൻഡറി വകുപ്പിന്റെ പരിഗണനയിലാണ്.

അട്ടപ്പാടിയിൽ സ്ത്രീകളുടെയും കുട്ടികളുടെയും മരണം

323 (673) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ നാല് വർഷങ്ങളിൽ അട്ടപ്പാടി ആദിവാസി മേഖലയിൽ എത്ര സ്ത്രീകളും കുട്ടികളും മരണമടഞ്ഞിട്ടുണ്ടെന്ന് പറയാമോ ;

(ബി) ഈ മേഖലയിൽ അമ്മമാരും കുഞ്ഞുങ്ങളും ഇടർച്ചയായി മരണപ്പെട്ടതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ അവയെ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ഡി) ഇവിടെ അമ്മമാരുടെയും കുഞ്ഞുങ്ങളുടെയും മരണങ്ങൾ തടയുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ഇ) മേൽപ്പറഞ്ഞ രീതിയിൽ സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ അവ ഫലപ്രദമായി നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ എന്തെല്ലാം മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ടെന്ന് പറയാമോ ?

ഉത്തരം

(എ) കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ അട്ടപ്പാടി മേഖലയിൽ നവജാത ശിശുക്കൾ ഉൾപ്പെടെ 72 കുട്ടികൾ മരണമടഞ്ഞിട്ടുണ്ട്. പ്രായാധിക്യം, പലവിധ അസുഖങ്ങൾ ഉൾപ്പെടെ വിവിധ കാരണങ്ങളാലാണ് സ്ത്രീകൾ മരണപ്പെട്ടിട്ടുള്ളത്.